(ബി) സർക്കാരിന് സേവനങ്ങൾ ലഭ്യമാക്കിയ ഇനത്തിൽ പ്രസ്തുത സംരംഭകർക്ക് ഇനിയും ലഭ്യമാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽപ്പെട്ട നെടുമൺകാവ് കേന്ദ്രമാക്കി അക്ഷയ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 158 അക്ഷയ സംരംഭകർ ഉണ്ട്. അവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.*

(ബി) അക്ഷയകേന്ദ്രങ്ങൾ നൽകിവരുന്ന ചില സേവനങ്ങളുടെ സർവീസ് ചാർജ്ജ് അതാത് വകുപ്പുകൾ അക്ഷയയ്ക്ക് നൽകുന്നതിന് കാലതാമസം നേരിടാറുണ്ട്. ജനസമ്പർക്ക പരിപാടിയുടെ ഡാറ്റാ എൻട്രി ചാർജ്ജ് ഇനത്തിൽ 5,13,825 (അഞ്ച് ലക്ഷത്തി പതിമൂവായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ) കൊല്ലം ജില്ലയിലെ അക്ഷയ സംരംഭകർക്ക് നൽകുവാനുള്ള നടപടി പുരോഗമിച്ച് വരുന്നു.

കമേർഷ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റിലെ ഇ-ഫയലിംഗ് സർവ്വീസ് ചാർജ്ജായി അക്ഷയ സംരംഭകർക്ക് നൽകുവാനുള്ള 1,38,054 രൂപയും(ഒരു ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി അൻപത്തി നാല് രൂപ) പ്രസ്തുത സംരംഭകർക്ക് അനുവദിയ്ക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

(സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽപ്പെട്ട നെടുമൺകാവ് എന്ന സ്ഥലത്ത് ഒരു അക്ഷയകേന്ദ്രം അനുവദിയ്ക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അനുമതിയോടു കൂടി ഈ അക്ഷയകേന്ദ്രം വാക്കനാട് എന്ന സ്ഥലത്തേക്ക് മാറ്റി പ്രവർത്തിക്കുകയാണ്.

നാട്ടിക നിയോജകമണ്ഡലത്തിലെ അക്ഷയകേന്ദ്രങ്ങൾ

208(2410) ശ്രീമതി ഗീതാ ഗോപി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഇപ്പോൾ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങൾ ജനോപകാരപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തു സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഇപ്പോൾ 18 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുന്നതിനായി ജില്ലാ കളക്ടറും ഇതിലേക്കായി തിരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ സംരംഭകരുമായി ഒരു കരാറിലേർപ്പെടേണ്ടതായിട്ടുണ്ട്. ഒരു അക്ഷയ കേന്ദ്രം റദ്ദുചെയ്യുന്നതിനും അതിന്റെ ലൊക്കേഷൻ മാറ്റുന്നതിനും പുതിയ ലൊക്കേഷനിൽ അക്ഷയകേന്ദ്രം തുടങ്ങുന്നതിനും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനം ആവശ്യമാണ്. കൂടാതെ അക്ഷയജില്ല/സംസ്ഥാന ഓഫീസുകൾ അക്ഷയ സംരംഭകർക്ക് ആവശ്യമായ പരിശീലനവും സഹായവും നൽകുകയും അവയുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ചെയ്തു വരുന്നു. സാധാരണ ജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങളിൽനിന്ന് ഏതെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അക്ഷയജില്ല/സംസ്ഥാന ഓഫീസുകളെ അറിയിക്കാവുന്നതാണ്. കൂടാതെ ഡയറക്ടറുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും റേറ്റ് ചാർട്ട് പ്രദർശിപ്പിച്ചിട്ടുണ്ടോ, നിഷ്കർഷിച്ചിട്ടുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്നിവ ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. വീഴ്ചവരുത്തുന്നവരിൽ നിന്ന് പിഴ ഈടാക്കുകയും സെന്ററുകൾ റദ്ദു ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഡിജിറ്റൽ കേരള പദ്ധതി

209(2411) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ കേരള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.